ഇപ്പോൾ അവരുടെ വിധവകൾക്കും കൂടി പ്രസ്തുത സൗകര്യം അനുവദിച്ചിട്ടുണ്ട്. സ്വാതന്ത്ര്യസമര സേനാനികൾക്ക് സ്വാതന്ത്ര്യത്തിന്റെ സുവർണ്ണ ജൂബിലിവർഷം പ്രമാണിച്ച് സൗജന്യ ധനസഹായ ഭവന നിർമ്മാണ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

(ഡി) ഇപ്പോൾ പരിഗണനയിലില്ല.

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലെ തുക

60 (61) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ 1-2-2001-ന് എത്ര രൂപ ഉണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) ദുരിതാശ്വാസമായി തുക അനുവദിക്കുന്നതായ ഉത്തരവുകൾ ഫണ്ടിൽ പണമില്ലാത്തതിനാൽ നടപ്പിലാക്കാൻ താമസം ഉണ്ടാകുന്നതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ദുരിതാശ്വാസ ഫണ്ടിൽ നിന്നും പണം അനുവദിക്കുന്നതിൽ രാഷ്ട്രീയ പരിഗണന കാണിക്കുന്നതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) കണ്ണൂർ ജില്ലയിലെ പന്നിയൂരിലും പട്ടിയൂർ പഞ്ചായത്തിലെ ഉരത്തൂരിലും വസ്തുവകകൾ നഷ്ടപ്പെട്ടവർക്ക് ഇതുവരെ യാതൊരു സഹായവും നൽകാതെയിരിക്കാൻ കാരണം എന്താണ് എന്ന് വ്യക്തമാക്കാമോ ;

(ഇ) ഈ സാമ്പത്തിക വർഷം ഇതുവരെ ദുരിതാശ്വാസനിധിയിൽനിന്നും സഹായമായി എത്ര രൂപ അനുവദിച്ചിട്ടുണ്ട് ;

(എഫ്) കണ്ണൂർ ജില്ലയിൽ ഈ സാമ്പത്തിക വർഷം സഹായം നൽകിയവരുടെ പേരുവിവരങ്ങളും അനുവദിച്ച തുകയും അടങ്ങിയ ലിസ്റ്റ് ലഭ്യമാക്കാമോ ?

ഉത്തരം

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ 1-2-2001-ന് 55,35,550 രൂപ ഉണ്ട്.

(ബി) ഉണ്ട്.

(സി) ഇല്ല.

(ഡി) കണ്ണൂർ ജില്ലയിൽ അടുത്ത കാലത്തുണ്ടായ അക്രമ സംഭവങ്ങളിൽ നാശനഷ്ടം സംഭവിച്ചതു സംബന്ധിച്ച വിശദ റിപ്പോർട്ട് ജില്ലാ കളക്ടറിൽ നിന്നും കിട്ടിയാലുടൻ സഹായം നൽകുന്ന കാര്യം പരിശോധിക്കുന്നതാണ്.

(ഇ) ഈ സാമ്പത്തികവർഷം ഇതുവരെ 2,77,19,500 രൂപ ധനസഹായമായി അനുവദിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) കണ്ണൂർ ജില്ലയിൽ ഈ സാമ്പത്തികവർഷം 327 പേർക്ക് 42,54,606 രൂപ അനുവദിച്ചിട്ടുണ്ട്. പേരുവിവരം ശേഖരിച്ചു നൽകുന്നതാണ്.

കാർഗിൽ ഫണ്ട്

61 (62) ശ്രീ. എ. കെ. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയുടെ പ്രവർത്തനം സംബന്ധിച്ച വിശദാംശം നൽകാമോ ;

(ബി) കാർഗിൽ ഫണ്ടിലേക്ക് സംസ്ഥാനം പണം സ്വരൂപിക്കുകയുണ്ടായോ ;

(സി) ഉണ്ടെങ്കിൽ ഏത് ഹെഡ്ഡിലാണ് പണം സ്വരൂപിച്ചതെന്നും ആ ഇനത്തിൽ എത്ര കോടി രൂപ സ്വരൂപിച്ചു എന്നും വെളിപ്പെടുത്താമോ ;

(ഡി) കാർഗിൽ ഫണ്ടിലേക്ക് സംസ്ഥാന ഗവൺമെന്റ് എത്ര കോടി രൂപ കേന്ദ്ര സർക്കാരിനെ ഏൽപിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ഇ) ഈ തുക എന്നാണ് കൈമാറിയത് ; ആരുടെ പേർക്കാണ് നൽകിയത് ?

ഉത്തരം

(എ) കുടുംബ വാർഷിക വരുമാനം 20,000 രൂപയിൽ താഴെ ഉള്ളവരും രോഗംമൂലം ദുരിതമനുഭവിക്കുന്നവർക്കുമാണ് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിയിൽ നിന്നും ധനസഹായം അനുവദിക്കുന്നത്. സാധാരണ രോഗത്തിന് 2,000 രൂപ വരെയും ക്യാൻസർ, ഹൃദ്രോഗം, വൃക്കസംബന്ധമായ രോഗങ്ങൾ എന്നിവയ്ക്ക് 5,000 രൂപ വരെയും ആണ് അനുവദിക്കാവുന്നത്. കൂടാതെ അപകട മരണത്തിന് ഇരയാകുന്ന മുതിർന്നവരുടെ ആശ്രിതർക്ക് 30,000 രൂപയും പ്രായപൂർത്തിയാകാത്തവരുടെ ആശ്രിതർക്ക് 15,000 രൂപയും അനുവദിക്കാവുന്നതാണ്. വളർത്തു മൃഗങ്ങളുടെ മരണത്തിനും തീപിടുത്തത്തിനും ഫാക്ടറികളിൽ തൊഴിപ്രശ്നം ഉണ്ടാകുമ്പോൾ തൊഴിലാളികൾക്ക് സൗജന്യ റേഷൻ അനുവദിക്കുന്നതിനും ഈ ഫണ്ടിൽ നിന്നും തുക അനുവദിക്കാറുണ്ട്.

(ബി&സി) പണം സ്വരൂപിക്കുകയുണ്ടായി. 'മുഖ്യമന്ത്രിയുടെ സൈനിക ക്ഷേമനിധി' യിലേക്ക് നാളിതുവരെ 13,03,20,585 രൂപ സ്വരൂപിച്ചിട്ടുണ്ട്. ഈ തുക ട്രഷറിയിലെ 'ടി.പി.എ.' അക്കൗണ്ടിലാണ് നിക്ഷേപിച്ചിരിക്കുന്നത്. ഇതിൽനിന്ന് മരണമടഞ്ഞ സൈനികരുടെ ആശ്രിതർക്കും പരിക്കേറ്റവർക്കും സർക്കാർ സഹായം നൽകിവരുന്നു.

(ഡി) കേന്ദ്ര സർക്കാരിന്റെ കാർഗിൽ ഫണ്ടിലേക്ക് സംസ്ഥാന ഗവൺമെന്റ് തുകകളൊന്നും നൽകിയിട്ടില്ല.

(ഇ) ബാധകമല്ല.

LIBRARY ARCHIVES Kerala Legislative Assembly